# BSNLEU - NFTE (BSNL) - NUBSNLW (FNTO) - BSNL MS - SNATTA - TEPU - BSNLATM - BSNLOA

# പോരാട്ടമല്ലാതെ പോംവഴിയില്ല

## 2020 നവംബർ 26

# ബി.എസ്.എൻ.എൽ ജീവനക്കാർ രാജ്യവ്യാപകമായി പണിമുടക്കുന്നു

- 4ജി സേവനം ഉടൻ ആരംഭിക്കുക, 4ജി ഉപകരണങ്ങൾ വാങ്ങുന്നതിൽ ബി.എസ്.എൻ. എല്ലിനോടു കാണിക്കുന്ന വിവേചനം അവസാനിപ്പിക്കുക.
- മൂന്നാം ശമ്പളപരിഷ്ക്കരണം നടപ്പാക്കുക. യഥാസമയം ശമ്പളം വിതരണം ചെയ്യുക.
- ഔട്ട്സോഴ്സിംഗിന്റെ ഭാഗമായി കരാർ തൊഴിലാളികളെ പിരിച്ചുവിടുന്ന നടപടി അവസാനിപ്പിക്കുക. തൊഴിലാളികളെ തിരിച്ചെടുക്കുക, വേതനം കുടിശ്ശിക ഉൾപ്പെടെ നൽകുക.
- 01-01-2017 മുതൽ പെൻഷൻ പരിഷ്ക്കരണം നടപ്പാക്കുക.
- നോൺ-എക്സിക്യൂട്ടീവ് ജീവനക്കാർക്ക് പുതിയ പ്രമോഷൻ പോളിസി അനുവദിക്കുക.
- ജെ.ടി.ഒ, ജെ.എ.ഒ, ജെ.ഇ, ടി.ടി. മത്സര പരീക്ഷകൾ നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുക.
- പോസ്റ്റൽ ഡിപ്പാർട്ടുമെന്റ് അനുവദിച്ചതുപോലെ കോവിഡ് 19 മൂലം മരണപ്പെടുന്ന ജീവനക്കാരുടെ കുടുംബത്തിന് 10 ലക്ഷം രൂപ ധനസഹായം അനുവദിക്കുക. അംഗീകൃത ആശുപത്രികളിൽ സൗജന്യ ചികിത്സ ഉറപ്പുവരുത്തുക.
- നോൺ എക്സിക്യൂട്ടീവ് ജീവനക്കാർക്ക് ഗ്രൂപ്പ് ടേം ഇൻഷുറൻസ് (GTI) അനുവദിക്കുക.
- ബി.എസ്.എൻ.എൽ. നേരിട്ട് നിയമിച്ച ജീവനക്കാർക്ക് 30% പെൻഷൻ ആനുകൂല്യങ്ങൾ നൽകുക.
- കാഷ്വൽ തൊഴിലാളികളുടെ വേതനം പരിഷ്ക്കരിക്കുക.

സഖാക്കളെ, സുഹൃത്തുക്കളെ,

ബി.എസ്.എൻ.എൽ. അതീവ ഗുരുതരമായ ഒരു പ്രതിസന്ധിയിലേക്ക് നീങ്ങുകയാണ്. അതിവേഗത്തിൽ വളരുന്ന ടെലികോം സാങ്കേതികവിദ്യ സ്വന്തമാക്കാൻ കഴിയാതെ സ്വകാര്യ സേവന ദാതാക്കളുടെ മത്സരശേഷിയ്ക്കു മുമ്പിൽ ബി.എസ്.എൻ.എൽ. പകച്ചു നിൽക്കുകയാണ്. പുതിയ പുതിയ സാങ്കേതിക വിദ്യകൾ പ്രയോഗിച്ച് കമ്പോളം പിടിച്ചെടുക്കാൻ മുമ്പെങ്ങുമില്ലാത്തവിധം മൂലധനവും തന്ത്രങ്ങളും അവർ പുറത്തെടുക്കുന്നു. എന്നാൽ ബി.എസ്.എൻ.എൽ. ഇപ്പോഴും 2ജിയും അവിടവിടങ്ങളിലായി ലഭിക്കുന്ന 3ജിയും മാത്രമൊരുക്കിവെച്ച് സഹതാപാർഹമായ നിലയിൽ നട്ടം തിരിയുന്നു.

കഴിഞ്ഞ ഏതാനും വർഷങ്ങളിലെ വരവുചെലവു കണക്കുകൾ മാത്രം മതി ഈ സ്ഥാപനത്തെ 'രോഗഗ്രസ്ഥം' എന്ന പട്ടികയിലുൾപ്പെടുത്താൻ. അതിനാലാവണം ബി.എസ്.എൻ.എൽ അടച്ചുപൂട്ടുകയാണ് നല്ലത് എന്ന് നീതി ആയോഗ് സർക്കാരിനെ ഉപദേശിച്ചത്. പതിനായിരക്കണ

ക്കിനുള്ള ജീവനക്കാരുടെ ജീവിതത്തിനുമേൽ കരിനിഴൽ പരന്നിരിക്കുന്നു എന്നു കാണാൻ സാമാന്യബുദ്ധി തന്നെ ധാരാളം.

എന്തുകൊണ്ടാണ് സർക്കാർ ഉടമസ്ഥതയിലുള്ള ബി.എസ്.എൻ.എൽ ഇത്ര ദയനീയമായ പതനത്തിലേക്ക് കൂപ്പുകുത്തിയത്? ആരുടേതാണ് കൊടുംപാതകത്തിനു പിന്നിലെ കറുത്ത കൈകൾ? ബി.എസ്.എൻ.എല്ലിനെ രക്ഷിക്കാൻ പോംവഴികളില്ലേ? ജീവന്റെ ഗന്ധമുള്ള ഈ വിഷയത്തെ ഏറ്റെടുക്കാനും വിജയംവരെ പോരാടാനും ബി.എസ്.എൻ.എല്ലിലെ എട്ടു സംഘടനകൾ മുന്നോട്ടുവന്നിരിക്കുകയാണ്. ഈ വരുന്ന നവംബർ 26 ന് ജീവൽപ്രധാനമായ 10 ആവശ്യങ്ങളെ മുൻനിർത്തി ബി.എസ്.എൻ.എൽ ജീവനക്കാർ രാജ്യവ്യാപകമായി പണിമുടക്കും.

## ബി.എസ്.എൻ.എൽ 4ജി സേവനം ഉടൻ ആരംഭിക്കണം.

ഇതര സേവനദാതാക്കൾ 5 ജി സേവനത്തെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ 4ജി സേവനമെങ്കിലും നൽകാതെ ബി.എസ്.എൻ.എല്ലിനു നിലനില്പില്ല. ഒട്ടേറെ സമരങ്ങൾക്കും പണിമുടക്കുകൾക്കുമൊടുവിൽ കേന്ദ്ര മന്ത്രിസഭ ബി.എസ്.എൻ.എല്ലിന് 4ജി സേവനമടക്കമുള്ള ഒരു പുനരുദ്ധാരണ പാക്കേജ് പ്രഖ്യാപിച്ചുവല്ലോ. 79000 ജീവനക്കാരെ വി.ആർ.എസ് നൽകി പുറത്താക്കുന്ന നടപടി അവർ 'കാര്യക്ഷമമായി' നടപ്പാക്കി. എന്നാൽ 4ജി സേവനം നടപ്പാക്കാൻ പുറപ്പെടുവിച്ച ആഗോള ടെൻഡർ പിറവിയിൽ തന്നെ ചാപിള്ളയായി. 'ടെലികോം എക്യുപ്മെന്റ് ആൻഡ് സർവ്വീസ് പ്രൊവൈഡേഴ്സ്' എന്ന കടലാസു സംഘടന നൽകിയ പരാതി 'ഗൗരവപൂർവ്വം' പരിഗണിച്ച് ഇന്ത്യാഗവൺമെന്റ് ഈ ടെൻഡർ റദ്ദുചെയ്തു. ആഗോള ടെൻഡറാകയാൽ പ്രധാനമന്ത്രിയുടെ 'മെയ്ക് ഇൻ ഇൻഡ്യ' നടപ്പാവില്ല എന്നായിരുന്നു അവരുടെ പരാതി. ഇൻഡ്യൻ കമ്പനികൾക്കൊന്നും തന്നെ 4ജി സേവനം നൽകാനുള്ള സാങ്കേതിക വിദ്യ തരാൻ കഴിയില്ലെന്നിരിക്കെ 'മെയ്ക്ക് ഇൻ ഇൻഡ്യ' തന്നെ വേണമെന്ന് ശഠിച്ചത് ബി.എസ്.എൻ എല്ലിന്റെ 4ജി പദ്ധതിയെ തുരങ്കം വെയ്ക്കാനാണെന്ന കാര്യം നിസ്തർക്കമാണ്.

ടെൻഡർ റദ്ദാക്കിയ ശേഷം ടെൻഡർ നിബന്ധനകൾ പരിശോധിക്കാൻ ടെലികോം വകുപ്പിലെയും ഐഐടിയിലെയും ഉന്നതരായ 14 ഉദ്യോഗസ്ഥർ അടങ്ങുന്ന കമ്മിറ്റിക്ക് സർക്കാർ രൂപം നൽകി. ഈ കമ്മിറ്റി ഇപ്പോൾ റിപ്പോർട്ട് സമർപ്പിച്ചിരിക്കുകയാണ്. റിപ്പോർട്ട് പ്രകാരം സിസ്റ്റം ഇന്റഗ്രേറ്റർ മോഡലിനാണ് ശുപാർശ. സിസ്റ്റം ഇന്റഗ്രേറ്റർ ഒരു ഇന്ത്യൻ കമ്പനി ആയിരിക്കും. ഈ കമ്പനി ബി.എസ്.എൻ. എല്ലിന്റെ 4ജി സേവനത്തിനാവശ്യമായ സോഫ്റ്റ്‌വെയറും ഹാർഡുവെയറും മറ്റു കമ്പനികളിൽനിന്നും വാങ്ങി ബി.എസ്.എൻ.എല്ലിനു വേണ്ടി 4ജി നെറ്റ്‌വർക്ക് വികസിപ്പിച്ച് നൽകും. വിവിധ കമ്പനികളുടെ സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്നതിന്റെ ഫലമായി നിരവധി സാങ്കേതിക പ്രശ്നങ്ങൾ ഉയർന്നുവരുമെന്നും, മൂന്നാമതൊരു കക്ഷി ബി.എസ്.എൻ.എല്ലിന്റെ 4ജി സേവന രംഗത്തേക്ക് കടന്നുവരുന്നത് കമ്പനിയുടെ ചെലവ് വർദ്ധിപ്പിക്കുമെന്നും ടെലികോം വിദഗ്ദർ ചൂണ്ടിക്കാട്ടുന്നു. ബി. എസ്.എൻ.എല്ലിന്റെ 4ജി സേവനം അനിശ്ചിതത്വത്തിലേക്ക് നീങ്ങുകയാണ്. ചുരുക്കിപ്പറഞ്ഞാൽ ബി.എസ്.എൻ.എല്ലിന്റെ 4ജി സ്വപ്നം 'ഏട്ടിലെ പശുവായി' തുടരും. ഫലമോ? ഉപഭോക്താക്കൾ സ്വകാര്യ സേവന ദാതാക്കളിൽ അഭയം പ്രാപിക്കും. തത്വത്തിൽ ബി.എസ്.എൻ.എല്ലിന്റെ 4ജി സേവനം അനിശ്ചിതത്വത്തിലേക്ക് നീങ്ങുകയാണ്. ബിഎസ്.എൻ.എല്ലിന്റെ 2ജി നെറ്റ് വർക്കിൽ ഇനിമുതൽ നിക്ഷേപം പാടില്ലായെന്നും ഡി.ഒ.ടി. കമ്മിറ്റി നിർദ്ദേശിച്ചിരിക്കുന്നു. ഇന്ത്യയിൽ 2ജി സേവനം അവസാനിപ്പിക്കണമെന്ന മുകേഷ് അംബാനിയുടെ പ്രഖ്യാപനമാണ് ഇപ്പോൾ നടപ്പിലാക്കാൻ ഡി.ഒ.ടി. നിർദ്ദേശിക്കുന്നത്.

ആർക്കുവേണ്ടിയാണ് സർക്കാർ സ്വന്തം സ്ഥാപനത്തെ ഇങ്ങനെ കൊലയ്ക്കു കൊടുക്കുന്നത്? സംശയം വേണ്ട. ഇൻഡ്യൻ ടെലികോം രംഗം അപ്പാടെ വിഴുങ്ങാൻ കൊതിക്കുന്ന റിലയൻസ് ജിയോയ്ക്കു വേണ്ടിത്തന്നെ.

## ശമ്പള പരിഷ്ക്കരണം നടപ്പാക്കണം.

01-01-2017 മുതൽ നടപ്പിലാക്കേണ്ട ശമ്പള പരിഷ്ക്കരണം ബി.എസ്.എൻ.എല്ലിൽ ഇനിയും നടപ്പാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് അംഗീകൃത സംഘടനകളുമായി ചർച്ച നടത്തുകയും ശമ്പള സ്കെയിൽ സംബന്ധിച്ച് ധാരണയിലെത്തുകയും ചെയ്തതാണ്. എന്നാൽ സംഘടനകളുടെ അംഗീകാര കാലാവധി കഴിഞ്ഞു എന്ന പേരിൽ മാനേജ്മെന്റ് ചർച്ചകൾ ഏകപക്ഷീയമായി

നിർത്തിവെച്ചു. അംഗത്വ പരിശോധനയിലൂടെ വീണ്ടും അംഗീകൃത സംഘടനകൾ നിലവിൽ വന്നെങ്കിലും ശമ്പള പരിഷ്ക്കരണ ചർച്ചകൾ മുന്നോട്ടു കൊണ്ടുപോകാൻ മാനേജ്മെന്റ് തയ്യാറാകുന്നില്ല. നിലവിലുണ്ടാക്കിയ ധാരണകൾ നടപ്പാക്കണമെന്ന് കേന്ദ്ര ലേബർ കമ്മീഷണർ ഉത്തരവിട്ടിട്ടും മാനേജ്മെന്റ് ധാർഷ്ഠ്യത്തോടെ അവഗണിക്കുകയാണ്. എക്സിക്യൂട്ടീവ് , നോൺ എക്സിക്യൂട്ടീവ് ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം ഉടൻ നടപ്പാക്കണമെന്ന് ഈ പണിമുടക്കിലൂടെ ഞങ്ങൾ ആവശ്യപ്പെടുന്നു.

ബി.എസ്.എൻ.എല്ലിന് പ്രതിമാസം ശരാശരി 1400 കോടി രൂപ വരുമാനമുണ്ട്. നിലവിലുള്ള ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് ഏകദേശം 400 കോടി രൂപ മാത്രം മതിയാകും. എന്നാലും ജീവനക്കാർക്ക് യഥാസമയം ശമ്പളം നൽകുവാൻ മാനേജ്മെന്റ് തയ്യാറാവുന്നില്ല.

## 01- 01-2017 മുതൽ പെൻഷൻ പരിഷ്ക്കരിക്കുക.

സർവ്വീസിൽ നിന്നും വിരമിക്കുന്ന ബി എസ് എൻ എൽ ജീവനക്കാരുടെ പെൻഷൻ തുക നൽകുന്നത് കേന്ദ്ര സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നാണ്. ഈ ആവശ്യത്തിലേയ്ക്കായി പെൻഷന് അർഹതപ്പെട്ട ഓരോ ജീവനക്കാരന്റെയും ശമ്പള സ്കെയിലിന്റെ പരമാവധിയ്ക്കു തുല്യമായ തുക ഓരോ വർഷവും ബിഎസ്എൻഎൽ സർക്കാരിലടയ്ക്കുന്നുമുണ്ട്. ഓരോ വേതന പരിഷ്ക്കരണ ഉത്തരവിന്റെയും അനുബന്ധമെന്നോണം പെൻഷൻ പരിഷ്ക്കരിക്കാനുള്ള ഉത്തരവും ഇറങ്ങുന്നു. ബി.എസ്.എൻ.എല്ലിന് നയാപൈസയുടെ ബാധ്യതയില്ലാതിരുന്നിട്ടും പെൻഷൻ പരിഷ്ക്കരിക്കാൻ കേന്ദ്ര സർക്കാർ വിമുഖത കാണിക്കുന്നു. അടിയന്തിരമായും പെൻഷൻ പരിഷ്ക്കരിക്കണമെന്ന് ആവശ്യപ്പെടുന്നു.

## പുതിയ പ്രമോഷൻ പദ്ധതി ആവിഷ്ക്കരിക്കണം.

വി.ആർ.എസ് വഴി 79000 ത്തോളം പേരും, പതിവു റിട്ടയർമെന്റ് വഴി ആയിരക്കണക്കിനു ജീവനക്കാരും റിട്ടയർ ചെയ്തതു കാരണം കടുത്ത ജോലിഭാരവും ഉത്തരവാദിത്വവും അവശേഷിക്കുന്നവരിൽ നിക്ഷിപ്തമായിരിക്കുകയാണ്. 65000 ജീവനക്കാരേ ഇന്ന് ബി.എസ്.എൻ.എല്ലിൽ നിലവിലുള്ളു. അതിനാൽ ഇരുപതു വർഷം മുമ്പ് നടപ്പാക്കിയ പ്രമോഷൻ പദ്ധതി കാലോചിതമായി പരിഷ്ക്കരിക്കേണ്ടിയിരിക്കുന്നു. പുതിയ പ്രമോഷൻ പോളിസി നടപ്പാക്കണമെന്ന നമ്മുടെ ആവശ്യം അംഗീകരിക്കുവാനോ ചർച്ച ചെയ്യുവാനോ തയ്യാറാവുന്നില്ല.

## JTO, JAO, JE, TT പരീക്ഷകൾ നടത്തുക.

പ്രമോഷൻ അവസരങ്ങൾ ഏതൊരു സ്ഥാപനത്തിന്റെയും തൊഴിൽ മേഖലയുടെ ആകർഷകമായ ഘടകമാണ്. വർഷങ്ങളായി പല മത്സരപരീക്ഷകളും മാനേജ്മെന്റ് നടത്തുന്നില്ല. വിവിധ കേഡറുകളിലേയ്ക്കുള്ള പ്രമോഷൻ പരീക്ഷകൾ സമയബന്ധിതമായി നടത്താൻ ആവശ്യമായ നടപടി സ്വീകരിക്കാൻ മാനേജ്മെന്റ് തയ്യാറാകണം.

## ജീവനക്കാരുടെ സൗജന്യ ചികിത്സാ സൗകര്യം കാര്യക്ഷമമാക്കണം.

ജീവനക്കാർക്ക് എം പാനൽഡ് ആശുപത്രികളിൽനിന്നും പണമടയ്ക്കാതെ തന്നെ ചികിത്സാ സൗകര്യം ബി എസ് എൻ എൽ എം ആർ എസ് പദ്ധതി വാഗ്ദാനം ചെയ്യുന്നു. എന്നാൽ ആശുപത്രി ബില്ലുകൾ വൻതോതിൽ കുടിശ്ശിക വരുത്തിയതിനാൽ ഈ പദ്ധതിയിൽ നിന്നും ഒട്ടുമിക്ക ആശുപത്രികളും പിൻവാങ്ങി. ഈ സൗകര്യം കാര്യക്ഷമമാക്കുന്നതിനുള്ള നടപടിയുണ്ടാവണം.

ബി.എസ്.എൻ.എൽ ജീവനക്കാർ കോവിഡ് ബാധിച്ചു മരണപ്പെട്ടാൽ 10 ലക്ഷം രൂപ കുടുംബത്തിന് ധനസഹായം നൽകണമെന്ന് നാം ആവശ്യപ്പെടുന്നു. തപാൽ വകുപ്പടക്കം ഒട്ടേറെ ഡിപ്പാർട്ടുമെന്റുകളും സ്ഥാപനങ്ങളും കോവിഡ് ഹതഭാഗ്യരുടെ കുടുംബത്തെ ഇങ്ങനെ സഹായിക്കുന്നുണ്ട്.

## 30% റിട്ടയർമെന്റ് ആനുകൂല്യം അനുവദിക്കുക.

സ്റ്റാറ്റ്യൂട്ടറി പെൻഷൻ പരിധിയിൽ വരാത്ത ബി.എസ്.എൻ.എൽ. നേരിട്ട് നിയമിച്ച എല്ലാ ജീവനക്കാർക്കും 30% റിട്ടയർമെന്റ് ആനുകൂല്യം നീക്കിവെയ്ക്കണമന്ന ശമ്പള പരിഷ്ക്കരണ കമ്മീഷൻ നിർദ്ദേശത്തിനോട് ബി.എസ്.എൻ.എൽ മാനേജ്മെൻറ് ഇപ്പോഴും മുഖം തിരിച്ച്

നിൽക്കുകയാണ്. ഒട്ടേറെ സമരങ്ങളിൽ നാം ഈ ആവശ്യം മുന്നോട്ടു വെയ്ക്കുകയും ചർച്ചകളിൽ ധാരണയാവുകയും ചെയ്തിട്ടുള്ളതാണ്. എങ്കിലും 23 ശതമാനത്തിനു മുകളിലേയ്ക്കു പോകാൻ മാനേജ്മെന്റ് ഇനിയും തയ്യാറായിട്ടില്ല. 2000 ത്തിനു ശേഷം വന്ന ആയിരക്കണക്കിനു ജീവനക്കാരെ ബാധിക്കുന്ന ഈ പ്രശ്നം പരിഹരിക്കാൻ ബി.എസ്.എൻ.എൽ. മാനേജ്മെന്റ് തയ്യാറാവണം.

**ഗ്രൂപ്പ് ടേം ഇൻഷൂറൻസ് (GTI) എല്ലാവർക്കും.**

LIC യുമായി ചേർന്ന് നടപ്പാക്കിയ GTI സ്കീമിൽ ഇന്ന് എക്സിക്യൂട്ടീവ് ജീവനക്കാർക്കേ ചേരാനവസരമുള്ളൂ. താൽപര്യമുള്ള നോൺ എക്സിക്യൂട്ടീവ് ജീവനക്കാർക്കും അവസരം നൽകണം. 2019 ഓഗസ്റ്റ് മാസം കൂടിയ നാഷണൽ കൗൺസിലിൽ ഈ വിഷയം ഉന്നയിക്കുകയും ആവശ്യമായ നടപടി സ്വീകരിക്കുമെന്ന് ഉറപ്പുനൽകുകയും ചെയ്തതാണ്. ഒരുവർഷം കഴിഞ്ഞിട്ടും യാതൊരു നടപടിയും മാനേജ്മെന്റ് സ്വീകരിക്കുന്നില്ല.

**കരാർ തൊഴിലാളികളെ നിലനിർത്തുക.**

പുതിയ ഫ്രാഞ്ചൈസി മെയ്ന്റനൻസ് നിലവിൽ വന്നതോടെ ഒന്നര ലക്ഷത്തോളം ലാന്റ് ലൈൻ കണക്ഷനുകളാണ് ഒരു മാസത്തിനകം ബി.എസ്.എൻ.എല്ലിനു നഷ്ടമായത്. പരിണിതപ്രജ്ഞരായ കരാർ തൊഴിലാളികളെ പിരിച്ചുവിട്ട് തൊഴിൽ നിഷേധിച്ച് നടത്തുന്ന വികല നടപടികളാണ് ഈ ദു:സ്ഥിതിക്ക് ഒരു കാരണം. വ്യാപകമായ ഔട്ട്സോഴ്സിംഗിന്റെ ഫലമായി കോടിക്കണക്കിന് രൂപയാണ് ഈ മേഖലയുമായി ബന്ധപ്പെട്ട മുതലാളിമാർ ബി.എസ്.എൻ.എല്ലിൽ നിന്ന് കവർന്നെടുക്കുന്നത്. അതുകൊണ്ട് പിരിച്ചുവിട്ട തൊഴിലാളികൾക്ക് തൊഴിലും വേതനവും നൽകി ബി.എസ്.എൻ.എല്ലിന്റെ ലാന്റ്ലൈൻ രംഗവും, സി.എസ്.സി.കളുടെ പ്രവർത്തനവും കാര്യക്ഷമമാക്കണമെന്നും, വ്യാപകമായ ഔട്ട്സോഴ്സിംഗ് ഒഴിവാക്കണമെന്നും ആവശ്യപ്പെടുന്നു.

സഖാക്കളെ, സുഹൃത്തുക്കളെ,

ബി.എസ്.എൻ.എൽ. അടക്കമുള്ള പൊതു മേഖലാ സ്ഥാപനങ്ങൾ ഇന്ന് ജീവൻ പിടിച്ചു നിർത്താനുള്ള കഠിന ശ്രമത്തിലാണ്. സ്വകാര്യവൽക്കരണവും അവഗണനയും അവയുടെ വംശനാശത്തിന്റെ ഭീഷണിയുയർത്തുന്നു. റയിൽവേയും ബാങ്കുകളും എൽ.ഐ.സിയും എണ്ണക്കമ്പനികളും വൻകിട കോർപ്പറേറ്റുകളുടെ ആക്രാന്തത്തിന് ഇരയായിത്തീരുകയാണ്. കർഷകരും ഇതേ ദുരന്തമുഖത്തുതന്നെ. ഏതു ജീവനക്കാരനെ ഏതു സമയത്തും പിരിച്ചുവിടാമെന്ന ഉത്തരവുകൾ പരമോന്നതങ്ങളിൽ നിന്നും വന്നുകഴിഞ്ഞു. അതിജീവനത്തിനായി പോരാടിയേ മതിയാവൂ എന്ന് ഭാരതം തിരിച്ചറിയുകയാണ്. ഓർക്കുക, നാമൊറ്റയ്ക്കല്ല. ഇൻഡ്യൻ ജനതയാകെ നമ്മോടൊപ്പമുണ്ട്. നവംബർ 26 ന് രാജ്യമാകെ ഒരേ വികാരത്തിൽ പണിമുടക്കുകയാണ്.

മാറ്റിവെക്കാനാവാത്ത അവകാശങ്ങൾ നേടിയെടുക്കാൻ സംഘടനാ ഭേദമെന്യേ ഒറ്റക്കെട്ടായി സമരമുഖത്തിറങ്ങുക. നവംബർ 26 ന്റ പണിമുടക്കം ചരിത്ര വിജയമാക്കുക.

അഭിവാദനങ്ങളോടെ,

| | | |
|---|---|---|
| **സി.സന്തോഷ്കുമാർ**<br>സർക്കിൾ സെക്രട്ടറി<br>(BSNLEU) | **എസ്.പി.മോഹനകുമാർ**<br>സർക്കിൾ സെക്രട്ടറി<br>(NFTE) | **കെ.വി.ജോസ്**<br>സർക്കിൾ സെക്രട്ടറി<br>(NUBSNLW) |
| **ടി.വി.രാജീവൻ നായർ**<br>സർക്കിൾ സെക്രട്ടറി<br>(BSNLMS) | **ജിനോ.എ.ആർ.**<br>സർക്കിൾ സെക്രട്ടറി<br>(SNATTA) | **യു.പ്രേമൻ**<br>സർക്കിൾ സെക്രട്ടറി<br>(TEPU) |

തിരുവനന്തപുരം,
07-11-2020